പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1455 08.02.2013 -ൽ മറുപടിക്ക്

# കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഭരണാനുമതി ലഭിച്ചിട്ടുള്ളതും കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ റോഡ്, പാലം, കെട്ടിടം മുതലായ മരാമത്ത് പണികൾ ഏതൊക്കെയെന്നും അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) കെട്ടിട വിഭാഗം<br>1. മൊകേരി ഗവൺമെന്റ് കോളേജിൽ അക്കാഡമിക്/അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയായി വരുന്നു.<br>2. Gender friendly Toilet നിർമ്മാണം Government College മൊകേരി റി-കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br>നിരത്തുകളും പാലങ്ങളും<br>അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഓരോ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) കെട്ടിട വിഭാഗം<br>1. മൊകേരി ഗവൺമെന്റ് കോളേജിന്റെ അക്കാഡമിക്/ അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്ക് നിർമ്മാണം ഉടൻ പൂർത്തീകരിക്കും<br>2. Gender friendly Toilet നിർമ്മാണം 21.11.2012 - ന് ദർഘാസ് ക്ഷണിച്ചു. പ്രതികരണം ലഭിക്കാത്തതിനാലും 01.10.2012 മുതൽ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതിനാലും പ്രവർത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br>നിരത്തുകളും പാലങ്ങളും<br>അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | സ്റ്റിമുലസ്സ്പാക്കേജ് | |
|---|---|---|
| 1 | കുറ്റ്യാടി ബൈപാസ്സ് റോഡ് | സ്ഥലമെടുപ്പിനായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു |
| 2 | ബിഎം & ബിസി - വടകര തിരുവള്ളൂർ - പേരാമ്പ്ര റോഡ് കി.മീ.4/000 മുതൽ 9/500 വരെ പരിഷ്ക്കരണ പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. |
| 3 | അഴിക്കൽ കടവ് ബ്രിഡ്ജ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു അലൈൻമെന്റിന് അംഗീകാരം നൽകി. ബ്രിഡ്ജിന്റെ ഡിസൈൻ തയ്യാറാക്കുന്ന-തിനായി ഡി.ആർ.ഐ.ക്യു. ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. |
| 4 | പുറമേരിക്കടവ് ബ്രിഡ്ജിന്റെ നിർമ്മാണം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. |
| | **പ്ലാൻ വർക്ക്സ്** | |
| 1 | കുളങ്ങരത്ത് അരൂർ - ഗുളികപ്പുഴ റോഡിന്റെ പരിഷ്ക്കരണ പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു. |
| | എം.എൽ.എ.യുടെ അസറ്റ് ഡവലപ്മെന്റ് ഫണ്ട് | |
| 1 | ബിഎം. & ബിസി. കാവിൽ തീക്കുനി- കുറ്റ്യാടി റോഡ് കി.മീ. 1/750 മുതൽ 3/500 വരെ | 3.50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായി രുന്നെങ്കിലും സാങ്കേതികാനുമതിക്കായി നൽകിയ എസ്റ്റിമേറ്റ് 431 ലക്ഷം രൂപ ആയതി-നാൽ ബന്ധപ്പെട്ട എം.എൽ.എ. യുടെ കൈയിൽ നിന്നും സമ്മതപത്രം ബാക്കി തുകയ്ക്കു കൂടി വാങ്ങാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| 2 | വില്യാപ്പള്ളി ആയഞ്ചേരി റോഡ് കി.മീ. 4/600 മുതൽ 5/325 വരെ | പ്രവർത്തി 25.02.2013 ന് ടെണ്ടർ ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | **അപ്ഗ്രഡേഷൻ വർക്സ്** | |
| 1 | തിരുവള്ളൂർ ആയഞ്ചേരി റോഡ് കി.മീ. 2/000 മുതൽ 4/000 വരെ 20.10 ലക്ഷം | 24.01.2013 - ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് ഡിവിഷൻ കോഴിക്കോട് ടെണ്ടർ ചെയ്തു. സെലക്ഷൻ നോട്ടീസ് നൽകി-യിട്ടുണ്ട്. |
| 2 | കുളങ്ങരത്ത്-അരൂർ ഗുളിപ്പുഴ റോഡ് കി.മീ. 4/500 മുതൽ 6/250 വരെ 23.25 ലക്ഷം | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കാവിൽ തീക്കുനി റോഡ് കി.മീ.7/600 മുതൽ 7/800 വരെയും കി.മീ. 8/300 മുതൽ 8/535 വരെയും | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | തോടന്നൂർ-ഇടിഞ്ഞകടവ് റോഡ് 45 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | എസ്.എച്ച്. 38കി.മീ.43/160 മുതൽ 44/000 വരെ 100 ലക്ഷം | ബഡ്ജറ്റ് പ്രവൃത്തി നടക്കുന്നതിനാൽ ഈ പ്രവൃത്തി ഒഴിവാക്കി |
| 6 | എസ്.എച്ച് 38 കി.മീ. 49/000 മുതൽ 53/000 വരെ 80 ലക്ഷം | ബഡ്ജറ്റ് പ്രവൃത്തി നടക്കുന്നതിനാൽ ഈ പ്രവൃത്തി ഒഴിവാക്കി |
| 7 | കക്കട്ടിൽ-കൈവേലി റോഡ് കി.മീ. 0/000 മുതൽ 2/500 വരെ 30 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | പേരോട്-പാറക്കടവ് റോഡ് കി.മീ. 0/000 മുതൽ 3/000 വരെ 30 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | വില്യാപ്പള്ളി-ആയഞ്ചേരി റോഡ് കി.മീ. 0/000 മുതൽ 2/000 വരെ 23 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |